WEDNESDAY 03/09/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/08/2025

1. ക്ഷീരവികസനവകുപ്പ് നേമം ബ്ലോക്ക്, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകൾ ക്ഷീര സഹകരണസംഘങ്ങൾ, മിൽമ, കെ.എൽ.ഡി ബോർഡ് കേരളാഫീഡ്സ്, ആത്മ, സർവ്വീസ് സഹകരണ ബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ **നേമം ബ്ലോക്ക് ക്ഷീരകർഷക സംഗമം** വിവിധ പരിപാടികളോട്ടുകൂടി അന്തിയൂർക്കോണം ക്ഷീരോല്പാദക സഹകരണ സംഘത്തിൻ്റെ ആതിഥേയത്വത്തിൽ ഇന്ന് (03.09.2025) നേമം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചിരിക്കുകയാണ്. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചു റാണി ക്ഷീരകർഷക സംഗമം ഉദ്ഘാടനം രാവിലെ 11.30 ന് നിർവ്വഹിക്കുന്നു. കാട്ടാക്കട എം.എൽ.എ ഐ .ബി. സതീഷ് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എം.പി. മാർ, എം.എൽ.എ. മാർ, ത്രിതലപഞ്ചായത്ത് പ്രതിനിധികൾ, സഹകാരികൾ, ഉദ്യോഗസ്ഥ പ്രമുഖർ, ക്ഷീരകർഷകർ തുടങ്ങിയവർ പങ്കെടുക്കുന്നു. ഇതിനോട് അനുബന്ധിച്ച് രാവിലെ 8 ന് കന്നുകാലി പ്രദർശനവും തുടർന്ന് “മൂല്യ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വർദ്ധനവിലൂടെ മികച്ച ആദായം – ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനവും" സംഘടിപ്പിച്ചിട്ടുണ്ട്.

2. ജലസേചന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കാം. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, ജലസേചനത്തോടൊപ്പം വളപ്രയോഗം നടപ്പാക്കുക, ഉയർന്ന ഉൽപ്പാദനം ഉറപ്പ് വരുത്തുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.–പി.ഡി.എം.സി)–യിലൂടെ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ് സിഡിയോടുകൂടി സ്ഥാപിക്കുന്നതിന് ഇപ്പോൾ അപേക്ഷിക്കാം. പദ്ധതിയിലൂടെ ഡ്രിപ്പ്, സ്പ്രിംഗ്ലർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 55% വരെയും മറ്റുള്ള കർഷകർക്ക് 45% വരെയും നിബന്ധനകൾക്ക് വിധേയമായി ധനസഹായമായി ലഭിക്കും. കൂടുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായോ, എറണാകുളം ജില്ലയിലെ കർഷകർക്ക് കാക്കനാട്ടുള്ള കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ ബന്ധപ്പെടാം. ഫോൺ- 8848618083, 8848618083.

3. വാഴയിലെ തടതുരപ്പൻ, മാണവണ്ട്, വെള്ളരി വർഗ്ഗ വിളകളിലെ മത്തൻവണ്ട്, തെങ്ങ്-കവുങ്ങ് വിളകളെ ആക്രമിക്കുന്ന വേരുതീനി പുഴു എന്നിവയെ നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന മിത്രനിമാവിരകൾ അടങ്ങിയ മിത്രനിമാവിര ലായനി (150 മില്ലി യുടെ 300 പാക്കറ്റ്) മുതലായവ കണ്ണൂർ കൃഷി വിജ്ഞാനകേന്ദ്രത്തിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. മിത്രനിമാവിര ലായനി 150 മില്ലി പാക്കറ്റ് 50 രൂപ. വിശദവിവരങ്ങൾക്ക് കണ്ണൂർ കൃഷി വിജ്ഞാനകേന്ദ്രവുമായി 8547675124 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

4. ഓണം പ്രമാണിച്ച് കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ **ക്ഷീരകർഷകരുടെ കറവപശുക്കൾക്കു വേണ്ടിയുള്ള പ്രത്യേക ഓണക്കിറ്റ് വിതരണം** ഇന്ന് (3/9/2025) രാവിലെ 11 മണിയ്ക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അനിൽകുമാർ .കെ ഉദ്ഘാടനം ചെയ്യും. ഓണക്കിറ്റിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാലിത്തീറ്റ, ധാതുലവണ മിശ്രിതം, കാത്സ്യം ടോണിക്ക്, മീനെണ്ണ, ലിവർ ടോണിക്ക്, പ്രസവരക്ഷാ മരുന്നുകൾ, വിരമരുന്നുകൾ, എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ് എടുത്ത പശുക്കളുടെ വിവരങ്ങളുമായി ഉടമകൾ സെപ്റ്റംബർ 3 മുതൽ 8 വരെ തീയതികളിൽ കിറ്റുകൾ കാട്ടാക്കട വെറ്ററിനറി ഹോസ്പിറ്റൽ വന്ന് കൈപ്പറ്റേണ്ടതാണെന്നും, 20 ലിറ്ററിൽ കൂടുതൽ പാലുല്പാദനമുള്ള കറവപശുക്കൾ സ്വന്തമായുള്ള കർഷകർ മൃഗാശുപത്രിയിൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് കൂടി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു.

5. ക്ഷീരവികസന വകുപ്പ് തിരുവനന്തപുരം ഗുണനിയന്ത്രണ വിഭാഗത്തിൻറെ ആഭിമുഖ്യത്തിൽ ഇന്ന് (03-09-2025) വൈകിട്ട് 5 മണി വരെക്കും ക്ഷീരവികസന വകുപ്പിന്റെ ജില്ലാഗുണ നിയന്ത്രണ ലാബിൽ ഇൻഫർമേഷൻ സെൻ്റർ പ്രവർത്തിക്കുന്നതാണ്. ഇൻഫർമേഷൻ സെൻ്ററിൽ പൊതുജനങ്ങൾക്ക് സൗജന്യമായി പാൽ പരിശോധനക്ക് നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഗുണനിയന്ത്രണ ഓഫീസ്, പട്ടം ഫോൺ 9746185197, 0471-2440217 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

1. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 സെപ്റ്റംബർ 15 മുതൽ 25 വരെ "ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 സെപ്റ്റംബർ 12-ാ ം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 - 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം.പി.ഒ., തിരുവനന്തപുരം -695004. Email ID:principaldtctvm@gmail.com

## കാർഷിക നിർദേശം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

1. നെല്പാടങ്ങളിൽ ഓലച്ചുരുട്ടിപ്പുഴുവിന്റേയും, ചാഴിയുടേയും മുഞ്ഞയുടേയും ഉപദ്രവം കണ്ടു വരുന്നു. പ്രത്യേകിച്ച് തണൽ ഉള്ളിടത്ത് ഓലച്ചുരുട്ടിയുടെ ആക്രമണം കൂടുതലായിരിക്കും. മൂടിക്കെട്ടിയ അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ നെല്ലിലെ ഓലച്ചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡും, തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് മതിയാകും. ഇതിന്റെ മുട്ടക്കാർഡുകൾ സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന ബയോകൺട്രോൾ ലാബിലും വെള്ളാനിക്കരയിലെ ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോകൺട്രോൾ ലാബിലും ലഭ്യമാണ്. ഒരേക്കറിലേക്ക് രണ്ട് കാർഡ് മതിയാകും. ഒരു കാർഡ് 10 കഷണമാക്കിയതിനുശേഷം അഞ്ച് സെന്റ് സ്ഥലത്തിന് ഒരു കഷണമെന്ന കണക്കിന് നെല്ലോലകളിൽ ഉറപ്പിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. ബാക്ടീരിയമൂലമുള്ള ഇല കരിച്ചിലിനു ചാണക വെള്ളത്തിന്റെ തെളി 2%

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

(20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അതിന്റെ തെളിയിൽ 20 ഗ്രാം സ്യൂഡോമോണസ് ചേർത്ത് തളിച്ച് കൊടുക്കുക) .

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം